നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2096 4.11.2019 ൽ മറുപടിയ്ക്ക്

# 'പ്രോജക്ട് ഓട്ടിസം'

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ബഷീർ | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |

| | |
|---|---|
| ((എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ഓട്ടിസം രോഗത്തിന് പരിഹാരമായി 'പ്രോജക്ട് ഓട്ടിസം' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം എന്തെല്ലാമാണ് വെളിപ്പെടുത്താമോ; | (എ) കേരള സാമൂഹ്യ സുരക്ഷാ മിഷൻ "സ്പെക്ട്രം" എന്ന പേരിൽ ഓട്ടിസം ഉള്ള വർക്കായി ഒരു പദ്ധതി നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും കോഴിക്കോട് ഇംഹാൻസിലും ഓട്ടിസം സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. പ്രസ്തുത സ്ഥാപനങ്ങളിലെ ഒരു പീഡിയാട്രീഷൻ നോഡൽ ഓഫീസറായി പ്രവർത്തിക്കുന്ന ഓട്ടിസം സെന്ററുകളിലൂടെ സ്ക്രീനിംഗ്, വിവിധ തെറാപ്പികൾ തുടങ്ങിയവ ലഭ്യമാണ്. കൂടാതെ ഓട്ടിസം ബാധിതരായ കുട്ടികൾക്ക് തെറാപ്പികളും, പരിശീലനങ്ങളും നൽകുന്നതിനും ഓട്ടിസം മേഖലയിലെ പഠനങ്ങളും, ഗവേഷണങ്ങളും നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷനിൽ (NIPMR) ആധുനിക സംവിധാനങ്ങളോടു കൂടിയ റീജിയണൽ ഓട്ടിസം റീഹാബിലിറ്റേഷൻ സെന്ററും പ്രവർത്തിച്ചു വരുന്നു. ഓട്ടിസം ബാധിതരായ കുട്ടികളുടേയും ബുദ്ധിപരമായ വൈകല്യങ്ങൾ ഉള്ള കുട്ടികളുടേയും രക്ഷിതാക്കൾക്ക് പരിശീലനം നൽകുന്നതിനായി 'പേരന്റ് എംപവർമെന്റ് പ്രോഗ്രാം' എന്ന പേരിൽ ഒരു പരിശീലന പരിപാടി മലപ്പുറം ജില്ലയിൽ പൈലറ്റായി ഈ വർഷം നടപ്പാക്കുന്നതാണ്. ഓട്ടിസം ബാധിതരായ കുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുള്ള ഒരു പൈലറ്റ് പദ്ധതിയും സ്പെക്ട്രം പദ്ധതിയുടെ ഭാഗമായി നടപ്പാക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) തുടക്കത്തിൽ ഏതെല്ലാം ആശുപത്രികളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും കോഴിക്കോട് ഇംഹാൻസിലും പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഓട്ടിസം സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. |

| | |
|---|---|
| (സി) പ്രസ്തുത പദ്ധതിയിൻ കീഴിൽ ഏതെല്ലാം തരത്തിലുള്ള ചികിത്സാ രീതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (സി)ഓട്ടിസം സെന്ററുകളിലൂടെ ഓട്ടിസം സ്ക്രീനിംഗ്, ഫിസിയോതെറാപ്പി, സ്പീച്ച് തെറാപ്പി , ഒക്ക്യുപ്പേഷണൽ തെറാപ്പി, ഡവലപ്പ്മെന്റ് തെറാപ്പി, സ്പെഷ്യൽ എഡ്യൂക്കേഷൻ, ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെയും സോഷ്യൽ വർക്കറുടേയും സേവനം എന്നിവ ലഭ്യമാണ്. |
| (ഡി) ഓട്ടിസം ബാധിച്ച കുട്ടികളുടെ ചികിത്സക്കായി വിദേശത്തും കേരളത്തിനുപുറത്തും പരിശീലനം നേടിയ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുമോ? | (ഡി) നിലവിൽ പ്രവർത്തിക്കുന്ന ഓട്ടിസം സെന്ററുകളിൽ കേരളത്തിന് പുറത്ത് പരിശീലനം നേടിയ ഡോക്ടർമാരുടെ സേവനവും, NIPMR ൽ വിദേശത്ത് പരിശീലനം ലഭിച്ച ഡോക്ടറുടെ സേവനവും ലഭ്യമാണ്. |

Jasmin Thomas

സെക്ഷൻ ഓഫീസർ